"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് 3435-04-188-99(P)(V) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരിസ്ഥിതി (എ)വകുപ്പ്**

സ.ഉ.(സാധാ) നം.33/2025/ENVT തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. സ.ഉ (കൈ) നം. 2/2024/പരി തീയതി 24.05.2024.
2. സ.ഉ (കൈ) നം. 4/2024/പരി തീയതി 04.12.2024.
3. 20.07.2024, 05.02.2025 തീയതികളിലെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ പി.സി.ബി/എ7/പ്ലാൻ/3439/2024-25 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് 3435-04-188-99(P)(V) ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവുകൾക്കായി 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം മേൽ തുക പരിമിതപ്പെടുത്തി (plan prioritization പ്രകാരം-reference-3) 50% ആയി ചുരുക്കുകയും അത്തരത്തിൽ 150 ലക്ഷം രൂപ മാത്രമാണ് നിലവിൽ മേൽ ശീർഷകത്തിൽ അനുവദനീയമായിട്ടുള്ളത്. പ്രസ്തുത തുകയിൽ നിന്നും 90 ലക്ഷം രൂപ ആകെ റിലീസ് ചെയ്ത് നൽകിയിട്ടുണ്ടെന്നും, ശേഷിച്ച തുക കൂടി അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് 3435-04-188-99(P)(V) എന്ന ശീർഷകത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവുകൾക്കായി 26.68 ലക്ഷം രൂപ (ഇരുപത്തി ആറ് ലക്ഷത്തി അറുപത്തി എട്ടായിരം രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

I. 16/04/2018-ലെ സ ഉ (പി) 62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

II. 9/12/08-ലെ സർക്കുലർ നം.84/8/ധന- ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

III. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ) നം.93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

IV. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീർ മുഹമ്മദ് അലി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
ധന വകുപ്പ് (3038836/PU-C4/26/2025-Fin dated 25.03.2025)
ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ENVT-A1/170/2024-ENVT).

ഉത്തരവിൻ പ്രകാരം
Signed by
Dhanya Sadasivan
Date: 26-03-2025 14:59:35
സെക്ഷൻ ഓഫീസർ